## കേന്ദ്ര സർക്കാരിന്റെ വിവിധ സൗജന്യ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

കേന്ദ്ര സർക്കാർ സ്ഥാപനമായ ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ (NBCFDC), ന്യൂഡൽഹി, കീഴിൽ ഐ.എച്ച്.ആർ.ഡി യുടെ താഴെ പറയുന്ന അനുബന്ധ സ്ഥാപനങ്ങളിൽ ഓഗസ്റ്റ് നാലാം വാരം ആരംഭിക്കുന്ന സൗജന്യ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. സൗജന്യ കോഴ്സുകളുടെ വിവരം താഴെ വിശദമാക്കിയിരിക്കുന്നു. പ്രസ്തുത കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് മാസം ആയിരം രൂപ നിരക്കിൽ പഠനപരിശീലന വേതനം നിബന്ധകൾക്കു വിധേയമായി നൽകുന്നതാണ്.

**സ്ഥാപനം-മോഡൽ ഫിനിഷിങ് സ്കൂൾ, ജവഹർ ലാൽ നെഹ്റു ഇന്ററർനാഷണൽ സ്റ്റേഡിയം കലൂർ (ഫോൺ- 0484 2985252)**

**കോഴ്സുകൾ–**

1)ഡി.ടി.എച്ച് സെറ്റ് ടോപ്പ് ബോക്സ് ഇൻസ്റ്റലേഷൻ&സർവീസ്
ടെക്നീഷ്യൻ (30 സീറ്റ്)
കാലാവധി-2മാസം(200 മണിക്കൂർ)
യോഗ്യത-എസ്.എസ്.എൽ.സി

2)ഫീൽഡ് ടെക്നീഷ്യൻ-കമ്പ്യൂട്ടിങ്&പെരിഫറൽസ് (30 സീറ്റ്)
കാലാവധി-3മാസം(400 മണിക്കൂർ)
യോഗ്യത-പ്ലസ് ടു

**സ്ഥാപനം - കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പള്ളിപ്പുറം , ചേർത്തല (ഫോൺ-94976 23823, 94964 30035)**

**കോഴ്സുകൾ–**

1)ഡി.ടി.എച്ച് സെറ്റ് ടോപ്പ് ബോക്സ് ഇൻസ്റ്റലേഷൻ&സർവീസ്
ടെക്നീഷ്യൻ (30 സീറ്റ്)
കാലാവധി-2മാസം(200 മണിക്കൂർ)
യോഗ്യത-എസ്.എസ്.എൽ.സി

**സ്ഥാപനം - ഐ.എച്ച്.ആർ.ഡി എക്സ്റ്റൻഷൻ സെന്റർ,  തവനൂർ  ആയങ്കലം പോസ്റ്റ് ഓഫീസ് ജംങ്ഷൻ (ഗവ. ആർട്സ് ആൻറ് സയൻസ് കോളേജ് പ്രവർത്തിച്ചിരുന്ന കെട്ടിടം) (ഫോൺ- 0484 2985252/80865 51808)**

**കോഴ്സുകൾ-**

1)ജൂനിയർ സോഫ്റ്റ് വെയർ ഡെവലപ്പർ (30 സീറ്റ്)
കാലാവധി-3മാസം(400 മണിക്കൂർ)
യോഗ്യത-പ്ലസ് ടു

2)ഫീൽഡ് ടെക്നീഷ്യൻ-കമ്പ്യൂട്ടിങ്&പെരിഫറൽസ് (30 സീറ്റ്)
കാലാവധി-3മാസം(**400** മണിക്കൂർ)
യോഗ്യത-പ്ലസ് ടു

അപേക്ഷകരുടെ യോഗ്യതകൾ താഴെ പറയുന്നവയാണ്

1.മൂന്നു ലക്ഷത്തിൽ താഴെ വാർഷിക കുടുംബ  വരുമാനമുള്ള ഒ.ബി.സി വിഭാഗത്തിൽ പെട്ടവർ
**അഥവാ**
2.ഒരു ലക്ഷത്തിൽ താഴെ വാർഷിക കുടുംബ  വരുമാനമുള്ള സാമ്പത്തിക പിന്നോക്ക വിഭാഗക്കാർ
**അഥവാ**
3.ഡീ നോട്ടിഫൈഡ് സെമി നൊമാഡിക് &നൊമാഡിക് ട്രൈബ്സ്(DMT) വിഭാഗത്തിലുള്ളവർ
**അഥവാ**
4. അറുപതു 60 വയസോ അതിനു മുകളിലോ ഉള്ള മുതിർന്ന പൗരൻമാർ

താൽപര്യമുള്ള അപേക്ഷകർ ഓഗസ്റ്റ് 22നു മുൻപായി  സ്ഥാപനവുമായി  ബന്ധപ്പെടുക.

**ഓഫീസർ ഇൻ ചാർജ്**